**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 546** **21-03-2023 - ൽ മറുപടിയ്ക്ക്**

**വാർഷിക പരീക്ഷകൾക്കുള്ള ക്രമീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പരീക്ഷാ നടത്തിപ്പ് കൃത്യമാക്കുന്നതിന് പുതിയ പരീക്ഷാ മാന്വൽ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; ഈ വർഷത്തെ വാർഷിക പരീക്ഷകൾ നടത്തുന്നതിനുള്ള ക്രമീകരണം പൂർത്തിയാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | **പരീക്ഷാ മാന്വൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ച് വരുന്നു. വാർഷിക പരീക്ഷകൾ നടത്തുന്നതുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. 2022-23 വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷകൾ 09-03-2023-നും യു.പി., എച്ച്.എസ് വിഭാഗം 8, 9 ക്ലാസ്സുകളിലെ വാർഷിക പരീക്ഷകൾ 13-03-2023-നും ആരംഭിച്ചിട്ടുണ്ട്. എൽ.പി.വിഭാഗം വാർഷിക പരീക്ഷ 23-03-2023-ന് ആരംഭിക്കുന്ന രീതിയിലും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഹയർ ,സെക്കന്ററി പരീക്ഷ നടത്തിപ്പ് കൃത്യമാക്കുന്നതിന് പുതിയ പരീക്ഷാ മാന്വൽ 18-01-2022-ലെ സ.ഉ.(സാധാ)നം.394/2022/പൊ.വി.വ. പ്രകാരം പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഈ വർഷത്തെ ഹയർ സെക്കന്ററി പൊതുപരീക്ഷകൾ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയാകുകയും 10-03-2023-ന് പരീക്ഷകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.**<br><br>**ഹയർ സെക്കന്ററി വിഭാഗത്തിന് പ്രാബല്യത്തിലുള്ള പരീക്ഷാ മാന്വൽ വി.എച്ച്.എസ്.ഇ വിഭാഗത്തിന് കൂടി ബാധകമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 2023 മാർച്ചിൽ ആരംഭിച്ച പൊതുപരീക്ഷയുടെ കാര്യക്ഷമമായ നടത്തിപ്പിന് വേണ്ട നിർദ്ദേശങ്ങൾ കൃത്യസമയത്ത് തന്നെ പരീക്ഷാ കേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്. 10-03-2023 തീയതി ആരംഭിച്ച ഒന്നും രണ്ടും വർഷ വി.എച്ച്.എസ്. പൊതു പരീക്ഷ സുഗമമായും കാര്യക്ഷമമായും നടന്നു വരുന്നു.** |
| (ബി) | മധ്യവേനൽ അവധിക്ക് മുമ്പായി തന്നെ അടുത്ത വർഷത്തെ പാഠപുസ്തകവും യൂണിഫോമും നൽകാൻ | (ബി) | ഉണ്ട്. 2023-24 അദ്ധ്യയന വർഷം ഒന്ന് മുതൽ പത്തുവരെ ക്ലാസ്സുകളിലെ മൂന്ന് വാല്യങ്ങളിലായുള്ള 4.9 കോടി പാഠപുസ്തകങ്ങളുടെ അച്ചടിയ്ക്ക് ഉത്തരവ് |

| | | | |
|---|---|---|---|
| | ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | നൽകുകയും അവയുടെ അച്ചടി നടന്നുവരികയുമാണ്. ഇതിൽ സ്കൂൾ ആരംഭത്തിൽ ലഭ്യമാക്കേണ്ട 2.8 കോടി ഒന്നാം വാല്യം പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായി വരികയുമാണ്. കെ.ബി.പി.എസിൽ അച്ചടി പൂർത്തിയാക്കിയ പാഠപുസ്തകങ്ങൾ നിലവിൽ ജില്ലാ ഹബ്ബുകളിൽ എത്തിച്ചിട്ടുണ്ട്. ഇത്തവണയും ഹബ്ബുകളിലെ സോർട്ടിംഗ്, പാക്കിംഗ്, സ്കൂൾ സൊസൈറ്റികളിലേയ്ക്കുള്ള വിതരണം എന്നിവ സംസ്ഥാന കുടുംബശ്രീ മിഷനിലൂടെയാണ് നടത്തുന്നത്. 2023-24 അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങൾ സ്കൂൾ സൊസൈറ്റികൾക്ക് വിതരണം നടത്തുന്നതിന്റെ സംസ്ഥാന തല ഉദ്ഘാടനം 2023 മാർച്ച് 24 -ന് വൈകിട്ട് 4.30 -ന് ആലപ്പുഴ ലജനത്ത് ഹയർ സെക്കന്ററി സ്കൂളിൽ നടക്കും. മുൻ വർഷങ്ങളെ അപേക്ഷിച്ച് വളരെ നേരത്തെയാണ് പാഠപുസ്തക വിതരണം ആരംഭിക്കുന്നത്. മധ്യവേനലവധി കാലത്ത് തന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതാണ്. 13200 ഓളം സ്കൂളുകളിലായി 330 സൊസൈറ്റികൾ വഴിയാണ് പാഠപുസ്തകങ്ങൾ എത്തുന്നത്. 2023-24 അദ്ധ്യയന വർഷം ഒന്നാം ക്ലാസ്സിലെ മലയാളം ടൈറ്റിലുകൾ പുതിയ ലിപിയിലാണ് അച്ചടിച്ച് വിതരണം നടത്തുന്നതെങ്കിലും സ്കൂൾ പ്രവേശനത്തിന് മുന്നേ തന്നെ അവയുടേയും വിതരണം പൂർത്തീകരിക്കുന്നതിനുള്ള എല്ലാ തയ്യാറെടുപ്പുകളും ചെയ്തിട്ടുണ്ട്.<br><br>സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട 2023-24 അദ്ധ്യയന വർഷത്തേയ്ക്കുള്ള തുണിയുടെ ഉൽപ്പാദനം പൂർത്തീകരിക്കുകയും വിവിധ 48 കളർ കോഡുകളിൽ ഡൈ ചെയ്യുന്ന യൂണിഫോം തുണിയുടെ വിതരണം സ്കൂളുകളിൽ പുരോഗമിക്കുകയും ചെയ്യുന്നു. യൂണിഫോം ലഭ്യമാകാത്ത ഒന്നു മുതൽ നാല് വരെയുള്ള സർക്കാർ സ്കൂളുകളിലെ എ.പി.എൽ വിഭാഗം ആൺകുട്ടികൾക്കും ഒന്നു മുതൽ എട്ട് വരെയുള്ള എയ്ഡഡ് സ്കൂളുകളിലെ മുഴുവൻ കുട്ടികൾക്കും 60/- രൂപ നിരക്കിൽ തുക നൽകി വരുന്നു.<br><br>വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ C-apt വഴി പാഠപുസ്തകം പ്രിന്റ് ചെയ്ത് വിതരണം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) | സൗജന്യ കൈത്തറി യൂണിഫോമിന് ആവശ്യമായ തുണി സജ്ജമായിട്ടുണ്ടോയെന്നും യൂണിഫോം ലഭ്യമാകാത്ത കുട്ടികൾക്ക് പകരംതുക നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോയെന്നും എട്ടാം ക്ലാസ് | (സി) | സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട 2023-24 അദ്ധ്യയന വർഷത്തേയ്ക്കുള്ള തുണിയുടെ ഉൽപ്പാദനം പൂർത്തീകരിക്കുകയും വിവിധ 48 കളർ കോഡുകളിൽ |

| | | | |
|---|---|---|---|
| | വരെയുള്ള കുട്ടികൾക്കെല്ലാം അരി നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | | ഡൈ ചെയ്യുന്ന യൂണിഫോം തുണിയുടെ വിതരണം സ്കൂളുകളിൽ പുരോഗമിക്കുകയും ചെയ്യുന്നു. യൂണിഫോം ലഭ്യമാകാത്ത ഒന്നു മുതൽ നാല് വരെയുള്ള സർക്കാർ സ്കൂളുകളിലെ എ.പി.എൽ വിഭാഗം ആൺകുട്ടികൾക്കും ഒന്നു മുതൽ എട്ട് വരെയുള്ള എയ്ഡഡ് സ്കൂളുകളിലെ മുഴുവൻ കുട്ടികൾക്കും 60/- രൂപ നിരക്കിൽ തുക നൽകി വരുന്നു.<br><br>നടപ്പ വർഷം സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി അനുവദിച്ച അരിയിൽ നവംബർ മാസത്തെ വിതരണത്തിനുശേഷം 24723.95 മെട്രിക് ടൺ അരി സപ്ലൈക്കോയുടെ ഗോഡൗണുകളിൽ നീക്കിയിരിപ്പുണ്ട്. മധ്യവേനലവധിക്കാലം ആരംഭിക്കുന്നതിനുമുൻപായി പദ്ധതിയുടെ ഗുണഭോക്താക്കളായ മുഴുവൻ സ്കൂൾ കുട്ടികൾക്കും 5 കിലോഗ്രാം അരി വീതം നൽകുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ